**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം - 14**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ജി.പി.എഫിൽ നിന്നും പണം പിൻവലിക്കുന്നതിന് ഓഫീസർമാർക്ക് അനുവദിക്കാവുന്ന പരമാവധി തുകയുടെ പരിധി ഉയർത്തി ഉത്തരവാകുന്നു.

പരാമർശം :- 03.05.2017 തീയതിയിലെ ജി.ഒ (പി) 58/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവ്

..............

**ഉത്തരവ് നമ്പർ ഡി 1-13023/2017/ഡി.ഐ.എം.എസ് തീയതി, 24.06.2017**

ജനറൽ പ്രൊവിഡന്റ് ഫണ്ടിൽ നിന്നും താത്ക്കാലിക വായ്പയും തിരിച്ചടയ്ക്കേണ്ടാത്ത വായ്പയും അനുവദിക്കുന്ന അവസരത്തിൽ ഓഫീസർമാർക്ക് അനുവദിക്കാവുന്ന പരമാവധി തുകയുടെ പരിധി സൂചന പ്രകാരം പുനഃനിർണ്ണയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

അതിൻ പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ വിവിധ തസ്തികകളിലുള്ള ഓഫീസർമാർക്ക് അനുവദിക്കാവുന്ന വായ്പാപരിധി താഴെപ്പറയും വിധം ഉയർത്തി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | പരമാവധി അനുവദിക്കാവുന്ന തുക |
|---|---|---|---|
| 1 | ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ/ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ | 68700-110400/ 45800-89000 | ₹ 1,30,000/- |
| 2 | ആശുപത്രി സൂപ്രണ്ട് | 85000 – 117600 | ₹ 3,90,000/- |
| 3 | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ | 85000 – 117600 | ₹ 5,25,000/- |
| 4 | ആയുർവ്വേദ ഡെപ്യൂട്ടി ഡയറക്ടർ | 68700 – 110400 | ₹ 5,25,000/- |
| 5 | ഹോമിയോ ഡെപ്യൂട്ടി ഡയറക്ടർ | 68700 – 110400 | ₹ 5,25,000/- |

മേൽ പരാമർശിച്ചിട്ടുള്ള പരിധിക്ക് മുകളിലുള്ള തുക പാസ്സാക്കുന്നതിനുള്ള അധികാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. വായ്പാപരിധി സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളെല്ലാം ഈ ഉത്തരവിലൂടെ മാറ്റം വരുത്തിയിട്ടുണ്ട്.

(ഒപ്പ്)
**ഡോ.അജിത നായർ.ആർ**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

പകർപ്പ് -1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
ആശുപത്രി സൂപ്രണ്ടുമാർക്കും, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും,
ഡെപ്യൂട്ടി ഡയറക്ടർമാർ (ആയുർവ്വേദം/ഹോമിയോ)
2. റിസോഴ്സ് സെക്രട്ടറി, ഫിനാൻസ് വകുപ്പ്
3. അക്കൗണ്ടന്റ് ജനറൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

എസ്കെവി-12.7.17